പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 100

25.04.2017 ൽ മറുപടിക്ക്

**ശബരിമല എയർപോർട്ട്**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ശബരിമല തീർത്ഥാടകർക്കും നാട്ടുകാർക്കും ഒരുപോലെ പ്രയോജനം ചെയ്യുന്ന എയർപോർട്ട് ശബരിമലയ്ക്ക് സമീപം സ്ഥാപിക്കും എന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ഒരു ആധികാരിക ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി കെ. എസ്. ഐ. ഡി.സി. താൽപര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എയർപോർട്ട് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് പത്തനംതിട്ട, കോട്ടയം ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തിയതനുസരിച്ച് അവർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങൾ സംബന്ധിച്ച റിപ്പോർട്ടാണ് | (ബി) യും (സി) യും ശബരിമല എയർപോർട്ട് പദ്ധതിയുടെ ഒരു അവലോകനയോഗം 04.04.17 ൽ കൂടുകയുണ്ടായി. പ്രസ്തുത അവലോകനയോഗത്തിൽ ശബരിമല എയർപോർട്ട് പദ്ധതിയ്ക്കനുയോജ്യമായ സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനു വേണ്ടി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കെ എസ് ഐ ഡി സി മാനേജിംഗ് ഡയറക്ടർ, ജില്ലാ കളക്ടർ, പത്തനംതിട്ട, ജില്ലാ കളക്ടർ, കോട്ടയം തുടങ്ങിയവരുൾപ്പെട്ട നാലംഗ ഉദ്യോഗസ്ഥ |

| | | | |
|---|---|---|---|
| | ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | സംഘത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സംഘം 07.04.17 ൽ പത്തനംതിട്ട ജില്ലയിലെയും കോട്ടയം ജില്ലയിലെയും വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, മണിമല എന്നീ വില്ലേജുകളിൽപ്പെട്ട ചെറുവള്ളി, വെള്ളനാടി, പ്രൊപ്പോസ് തുടങ്ങിയ എസ്റ്റേറ്റുകളും പത്തനതിട്ട ജില്ലയിൽ കോന്നി താലൂക്കിലെ അരുവാപ്പലം വില്ലേജിലെ കല്ലേലി എസ്റ്റേറ്റ്, മലയാലപ്പുഴ വില്ലേജിലെ കുമ്പള എസ്റ്റേറ്റ്, റാന്നി-പെരുനാട് വില്ലേജിലെ ളാഹ എസ്റ്റേറ്റ് തുടങ്ങിയവയാണ് പരിശോധിച്ചത്. ഉദ്യോഗസ്ഥ സംഘത്തിന്റെ സന്ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (സി) | നിയമ നടപടികളിൽപെടാതെ സംസ്ഥാന സർക്കാരിന് നേരിട്ട് ഏറ്റെടുക്കാൻ കഴിയുന്ന സ്ഥലം ഇവയിൽ ഏതൊക്കെയാണ്; | | |
| (ഡി) | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെ; അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന നടപടി എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിക്കുമെന്നും; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കേണ്ടി വരികയെന്നും വ്യക്തമാക്കാമോ? | (ഡി) | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഒരു ഏജൻസിയെയും ചുമതലപ്പെടുത്തുകയോ തുക നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ